(ബി) ഇല്ലെങ്കിൽ ഇത് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പത്തു സെന്റിൽ താഴെ കൃഷിയിടം മാത്രമായുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് കെ.എൽ.യു. ആക്ട് പ്രകാരം അനുമതി നൽകി വരുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനായി നടപടി ഉടൻ സ്വീകരിക്കുമോ;

(എഫ്) പാലക്കാട് ജില്ലയിൽ കെ.എൽ.യു. അനുമതിയായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) നിയമസഭയുടെ വിഷയ നിർണ്ണയസമിതി ഇതു സംബന്ധിച്ചു നൽകിയ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതിനു ശേഷമേ ഈ കാര്യങ്ങളിൽ അവസാന തീരുമാനം ഉണ്ടാവുകയുള്ളൂ.

(എഫ്) 2292 അപേക്ഷകർ.

[9.30 A.M] മി. സ്പീക്കർ : അടിയന്തിരപ്രമേയാവതരണാനുമതിക്കുള്ള ഒരു നോട്ടീസ് പ്രൊഫ. സാവിത്രി ലക്ഷ്മണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്ന് ചെയറിന് ലഭിച്ചിട്ടുണ്ട്. അതൊരു പ്രധാനപ്പെട്ട വിഷയമായി ഈ സഭയിൽ ഉന്നയിക്കാവുന്നതാണ് എന്നാണ് ചെയറിന് അറിയിക്കാനുള്ളത്.....ബഹളം.....അത് അടിയന്തിര പ്രാധാന്യത്തോടുകൂടിത്തന്നെ ഒന്നാമത്തെ സബ്മിഷനായി ഉന്നയിക്കാൻ അനുവാദം നൽകുന്നതാണ്.

## II. ശ്രദ്ധക്ഷണിക്കൽ

### (1) ദളിത് ക്രൈസ്തവരെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.എം. മാണി : സർ, ഈ സംസ്ഥാനത്തെ ദളിത് ക്രൈസ്തവർ പട്ടികജാതി/പട്ടികവർഗ്ഗക്കാരെപ്പോലെതന്നെ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളാണ്. അവരെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തണമെന്ന ആവശ്യം 1950 മുതൽ ഉയർന്നുവന്നിട്ടുള്ളതാണ്. പക്ഷേ ഇതുവരെ നമുക്ക് അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഭരണഘടനയിലെ ആർട്ടിക്കിൾ 341-ൽ വ്യവസ്ഥ ചെയ്യുംപ്രകാരം, 10.8.1950-ൽ രാഷ്ട്രപതി ഒരു വിജ്ഞാപനം ഇറക്കുകയുണ്ടായി. രാഷ്ട്രപതിയുടെ 1950-ലെ വിജ്ഞാപനത്തിൽ ഒരു ഷെഡ്യൂൾ അനക്സ് ചെയ്തിരുന്നു. ആ ഷെഡ്യൂളിൽ ഓരോ സംസ്ഥാനത്തേയും പട്ടികജാതി/പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന വിഭാഗങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു. അതിലെ മൂന്നാം പാരഗ്രാഫിൽ പറയുന്നത് "Notwithstanding anything contained in Para (ii) No person who professes a religion different from Hindu religion have been deemed to be a member of scheduled Caste."

ഹൈന്ദവസമുദായത്തിൽപ്പെടുന്നവരല്ലാതെ മറ്റേതെങ്കിലുമൊരു മതസ്ഥർ പട്ടികജാതി ലിസ്റ്റിലുൾപ്പെടുന്നതല്ലെന്ന് മൂന്നാമത്തെ പാരഗ്രാഫിൽ പറഞ്ഞിരുന്നു. പക്ഷേ ഭരണഘടനയുടെ ആർട്ടിക്കിൾ 341(2)-ൽ പറയുന്നത് ഹൈന്ദവസമുദായവും അതിനുപുറത്ത് ഏതൊരു സമുദായവും ഈ പട്ടികയിൽ കൂട്ടിച്ചേർക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ പാർലമെന്റിനവകാശമുണ്ടെന്നാണ്. അതനുസരിച്ച് 1956-ൽ ഹൈന്ദവർക്കുപുറമേ സിക്ക് മതക്കാരെ



LIBRARY ARCHIVES Kerala Legislative Assembly

ക്കൂടി ഈ ലിസ്റ്റിലുൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രപതിയുടെ വിജ്ഞാപനം ഭേദഗതി ചെയ്യുകയുണ്ടായി. അതിനുശേഷം 1990-ൽ ബുദ്ധമതക്കാരെക്കൂടി ഈ പട്ടികയിലുൾപ്പെടുത്തിക്കൊണ്ട് വീണ്ടും ഭേദഗതി ചെയ്തു. അങ്ങനെ 1956 -ലും 1990-ലും ഈ പ്രസിഡൻഷ്യൽ ഓർഡർ ഭേദഗതി ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സിക്ക് മതസ്ഥരേയും ബുദ്ധമതസ്ഥരേയും ഈ പട്ടികയിൽ ഉൾപ്പെടുത്തുകയുണ്ടായി. പക്ഷേ ക്രൈസ്തവ മതസ്ഥരെ ഈ പട്ടികയിൽ ഉൾപ്പെടുത്തുകയുണ്ടായില്ല. കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. രാംവിലാസ് പാസ്വാൻ 1990-ൽ ബുദ്ധമതക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ബിൽ പാർലമെന്റിൽ അവതരിച്ചപ്പോൾ അടുത്തപടിയായി ക്രൈസ്തവരെക്കൂടി പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുമെന്ന് പറയുകയുണ്ടായി. അത് നടന്നില്ല. പിന്നീട് നരസിംഹറാവു ഗവൺമെന്റ് വരികയുണ്ടായി. നരസിംഹറാവു ഗവൺമെന്റ് പാർലമെന്റിന്റെ കാലാവധി അവസാനിക്കുന്ന സന്ദർഭത്തിൽ 1996 മാർച്ച് 12-ാം തീയതി ഇതിനുവേണ്ടി ഒരു ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ സ്പീക്കറോട് അനുമതി ചോദിക്കുകയുണ്ടായി. പക്ഷേ 7 ദിവസത്തെ നോട്ടീസ് ഇല്ലെന്ന സാങ്കേതിക ഡിഫക്ട്വച്ചു കൊണ്ട് അവതരണാനുമതി നിഷേധിക്കുകയാണുണ്ടായത്. ആ ശ്രമവും അങ്ങനെ പരാജയപ്പെട്ടു. അതുകഴിഞ്ഞ് ജനതാദളിന്റെ നേതൃത്വത്തിലുള്ള യു.എഫ്. ഗവൺമെന്റ് വന്നപ്പോൾ അവരുടെ പ്രകടന പത്രികയിൽ പട്ടികജാതി ലിസ്റ്റ് ഭേദഗതി ചെയ്ത് ക്രൈസ്തവരെക്കൂടി ഉൾപ്പെടുത്തുമെന്ന് പറഞ്ഞിരുന്നു. അതിൽ മറ്റൊരു സംഭവ വികാസമുണ്ടായി. 28.6.1996-ൽ ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുന്നതിനെപ്പറ്റി സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കേന്ദ്രഗവൺമെന്റ് ഒരു കത്ത് സംസ്ഥാന ഗവൺമെന്റിന് അയക്കുകയുണ്ടായി. ആ കത്ത് ഞാൻ വായിക്കുകയാണ്. അതിലെ ആദ്യത്തെ പാരഗ്രാഫ് - The Matter for recognition of Scheduled Caste conversed to Christianity as scheduled caste is under consideration of Government of India. The views of your State Government is solicited with regard to whether or not such recognition should be accorded.

അവസാനത്തെ പാരഗ്രാഫ് - Views of the State Government and Union Territory Administration may kindly be send by Fax or Courier so as to reach us by 8th July, 1996.

ജൂലൈമാസം 8-ാം തീയതിക്കകം ഇതിന് മറുപടി നൽകണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്രഗവൺമെന്റിൽ നിന്നും 28.6.1996-ൽ ഒരു ഫാക്സ് മെസ്സേജ് വരികയുണ്ടായി. അതിനെപ്പറ്റി സംസ്ഥാനഗവൺമെന്റിന്റെ അഭിപ്രായം, പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ദളിത് ക്രൈസ്തവരെ ഉൾപ്പെടുത്തേണ്ടതാണെന്ന് റെക്കമെൻഡു ചെയ്തുകൊണ്ട് കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ കാലാവധിക്കുള്ളിൽ കഴിഞ്ഞിട്ടില്ല. കാലാവധി കഴിഞ്ഞിട്ടും ഇതുവരെ അറിയിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് വളരെ സങ്കടകരമാണ്. എനിക്ക് അതിനെപ്പറ്റി പറയാനുള്ളത് Indira Sawhney Vs. Union of India. ഇത് മണ്ഡൽ കേസാണ്. ഈ കേസിൽ പറയുന്നത് - What is sought to be identified is not caste, religion and the like, but social and educational backwardness, generally manifested by disabilities such as illiteracy, humiliating isolation, poverty, physical and mental degeneration, incurable diseases etc. To deny them the constitutional protection of reservation solely by reason of change of faith or religion is to endanger the very concept of secularism and the raison

LIBRARY ARCHIVES Kerala Legislative Assembly

d'etre of reservation. 9 ജഡ്ജിമാരടങ്ങുന്ന സുപ്രീംകോടതിയിലെ ഫുൾബഞ്ചിൽ 8 ജഡ്ജിമാരും ഇതിനെ അനുകൂലിച്ചുകൊണ്ട് മതംമാറിയാൽ ഇതിന്റെ അവകാശം നഷ്ടപ്പെടുന്നില്ല, മതം മാറുന്നതുകൊണ്ട് സാമുദായികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകുന്നില്ല. ആ പിന്നോക്കാവസ്ഥ തുടരുന്നു, അങ്ങനെയുള്ള ആളുകൾക്ക് റിസർവേഷൻ ആനുകൂല്യമുണ്ടെന്ന് വിധി പ്രസ്താവിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് കേന്ദ്രത്തിൽ മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളും അതിന് തയ്യാറായി ഒരു പോളിസി ഡിസിഷൻ എടുത്തു. പക്ഷേ നടന്നില്ല. മാറിമാറിവന്ന ഗവൺമെന്റുകളെല്ലാം ഏതാണ്ടിതിനു തയ്യാറായി ശ്രമങ്ങൾ നടത്തുകയും സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായമെന്താണെന്ന് ചോദിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് തീർച്ചയായും ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തണമെന്ന് പറയേണ്ടതായിരുന്നു, അത് പറഞ്ഞില്ല. ഞാൻ അതിനെപ്പറ്റി ഒരു വാഗ്വാദത്തിലേക്ക് കടക്കുന്നില്ല, കാരണം ഇതിനകത്ത് രാഷ്ട്രീയമൊന്നുമില്ല. വളരെ വേദനയനുഭവിക്കുന്ന, ബുദ്ധിമുട്ടുന്ന, കഷ്ടതയിൽ ജീവിക്കുന്ന ദളിത് ക്രൈസ്തവർ മതംമാറിയതിന്റെ പേരിൽ ആനുകൂല്യം നിഷേധിച്ചാൽ അത് സെക്കുലറിസത്തിനെതിരാണ്. ഇൻഡ്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന സെക്കുലറിസത്തിന്റെ നിഷേധമായിരിക്കും മതം മാറിയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നിഷേധിച്ചാൽ. അതുകൊണ്ട് എത്രയും വേഗം കേന്ദ്രഗവൺമെന്റ് നമ്മോടു ചോദിച്ച ചോദ്യത്തിന് ഉത്തരം കൊടുക്കുകയും ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുന്നതിന് പാർലമെന്റിൽ നിയമം കൊണ്ടുവരുന്നതിനുംവേണ്ടി നമ്മൾ ആവശ്യപ്പെടുകയും ചെയ്യണമെന്നുമാത്രം ഗവൺമെന്റിനെ ഓർമ്മിപ്പിച്ചുകൊണ്ട്, ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : ബഹുമാനപ്പെട്ട അംഗം ശ്രീ. കെ.എം. മാണി വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ചാണ് ഈ സഭയുടെ ശ്രദ്ധക്ഷണിച്ചത്. ഭരണഘടനയുടെ ആർട്ടിക്കിൾ 341-ലെ 3-ാം ഖണ്ഡികയിൽ അനുയോജ്യമായ ഭേദഗതി വരുത്തിയാലേ ദളിത് ക്രൈസ്തവരെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയൂ. അതിന് പാർലമെന്റ് കോൺസ്റ്റിറ്റ്യൂഷനിൽ അമന്റ്മെന്റ് വരുത്തണം. അദ്ദേഹം ഇതിൽ രാഷ്ട്രീയം കാണാതിരുന്നത് നന്നായി. ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താത്തതിനുകാരണം കേരളാ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ലറ്ററിന് മറുപടി അയയ്ക്കാൻ വൈകിയതുകൊണ്ടാണ് അത് സാധിക്കാതിരുന്നത് എന്നുള്ള മട്ടിലാണ് അദ്ദേഹം കൺക്ലൂഡ് ചെയ്തത്. Pinning everything on the State Government അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. കാരണം ഭരണഘടനയുണ്ടായിട്ട് എത്രയോ കൊല്ലമായി, ഇന്നേവരെ സിക്കുകാരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, പല ഗവൺമെന്റുകളും മാറിമാറി കേന്ദ്രവും കേരളവും ഭരിച്ചു, നടന്നിട്ടില്ല. അതിപ്പോൾ ഈ ഗവൺമെന്റിന്റെ ഫാക്സിന്റെ കുഴപ്പമാണെന്നാണ് പറയുന്നത്. ഈ പറയുന്നത് ദൈവം പോലും പൊറുക്കാത്തതാണ്. ദളിത് ക്രൈസ്തവരെ പട്ടിജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർക്കണമെന്നുള്ള ആവശ്യം വസ്തുതാപരമായി ശരിയല്ല. അവരെ പട്ടികജാതി ലിസ്റ്റിൽ ചേർക്കുന്നത് മാത്രമാണ് ഇവിടത്തെ വിഷയം. പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് മതം ഒരു പ്രശ്നമല്ല. ഏത് മത വിഭാഗത്തിൽപ്പെട്ടവരായാലും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നവർക്ക് പട്ടികവർഗ്ഗക്കാരാവാൻ അർഹരാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly